# ജി.എച്ച്.എസ്.എസ് തൃക്കൊടിത്താനം
# ഡിജിറ്റൽ മാഗസിൻ




## ലിറ്റിൽ കൈറ്റ്സ്

little KITEs



# ആശംസ

പ്രകൃതിയുടെ പ്രകാശമാണ് സൂര്യൻ. അതുപോലെ മനുഷ്യന് പ്രകാശമാണ് അക്ഷരങ്ങൾ. ആ പ്രകാശധാരയാണ് ലിറ്റിൽ കൈറ്റ്സ്. ഐടി ക്ലബ്ബിനെ നേതൃത്വത്തിൽ മിഴിവ്- 19 ഇ-മാഗസിൻ ഒരുക്കിയിരിക്കുന്നത്. പ്രകൃതിയെ ഹനിക്കാത്ത തരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യുന്ന ഒരു പുതുതലമുറ ആയിരിക്കണം നമ്മുടെ ലക്ഷ്യം. അത്തരത്തിൽ ചിന്തിക്കുമ്പോൾ ഇത്തരം ഇ- മാഗസിനുകൾ വളരെയേറെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

-ജില്ല പഞ്ചായത്ത് അംഗം
വി.കെ സുനിൽ കുമാർ



# ആശംസ

വിദ്യാഭ്യാസ പുരോഗതിക്കായി കേരള സർക്കാർ സമാഗ പദ്ധതിയിൽ ആവിഷ്കരിച്ച മുന്നേറുന്ന ഈ സന്ദർഭത്തിൽ തൃക്കോടിത്താനം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ മിഴിവ് 2019 തീർച്ചയായും മാതൃകാപരമാണ്. ഈ വിദ്യാഭ്യാസ പുരോഗതിക്കായി കേരള സർക്കാർ സമാഗ പദ്ധതിയിൽ ആവിഷ്കരിച്ച മുന്നേറുന്ന ഈ സന്ദർഭത്തിൽ തൃക്കോടിത്താനംസംരംഭത്തിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നതോടൊപ്പം ഇതിലേക്ക് സൃഷ്ടികൾ നൽകിയ മുഴവൻ വ്യക്തികൾക്കും അഭിനന്ദനങ്ങൾ നേരുന്നു.

-സ്നേഹപൂർവ്വം
ഉഷ എലിസബത്ത് വർഗീസ്

# ആശംസ



ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ് കൂട്ടായ്മ ആദ്യമായി പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ'' മിഴിവ് 2019'' ന് എല്ലാവിധ ആശംസകളും നേരുന്നു. ലക്ഷ്യബോധത്തോടെയുള്ള ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളുടെ സർഗ്ഗാത്മ കഴിവുകൾ പരിപോഷിപ്പിക്കുവാൻ സഹായിക്കുന്നു. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ആശംസകൾ

പി റ്റി എ പ്രസിഡൻറ്
സാനില പി.എസ്



# ആശംസ

തൃക്കൊടിത്താനം ഗവർൺമെന്റ്  ഹൈസ്കൂൾ കൈറ്റ് കൂട്ടായ്മയുടെ നൂതന സംരസഭമായ് മിഴിവ്-2019 എന്ന ഡിജിറ്റൽ മാഗസിന് ,അഭിനന്ദനങ്ങളുടെയും ആശംസകളുടെയും നറുമലരുകൾ അർപ്പിക്കുന്നു.

-സ്കൂൾ സ്റ്റാഫ്

# ആശംസ



തൃക്കൊടിത്താനം ഗവർൺമെന്റ് ഹൈസ്കൂളിൻെറ നൂതന സംരസഭമായ് മിഴിവ്-2019 എന്ന ഡിജിറ്റൽ മാഗസിന് അഭിനന്ദനങ്ങളുടെയും ആശംസകളുടെയും നറുമലരുകൾ അർപ്പിക്കുന്നു.

-സ്നേഹപൂർവ്വം

- മുഹമ്മാദ് അൽത്താഫ്

സ്കൂൾ ലിഡർ

മിഴിവ് 2019

# എഡിറ്റോറിയൽ ബോർഡ് അംഗംങ്ങൾ



രക്ഷധിക്കാരി:ഉഷാ എലീസബത്ത് വർഗീസ്
സ്റ്റാഫ് സെക്രട്ടറി: മിനി.വി
സ്റ്റാഫ് എഡിറ്റേഴ്സ്:മിനി റ്റി.ആർ
അനീഷ ഷെരീഫ്
സജീവ് പി.കെ
സ്റ്റുഡന്റ് എഡിറ്റേഴ്സ്:കാർത്തിക എം.ആർ
മീനു ബാലകൃഷ്ണൻ

ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം

## മുഖമൊഴി

വിദ്യാലയ വർഷത്തിന് അവിസ്മരണീയ മുഹൂർത്തങ്ങളിലൂടെ പ്രകാശം പരത്തുന്ന ഓർമ്മകളിലൂടെ ഒരു പ്രയാണം. സ്നേഹബഹുമാനങ്ങളുടെ സമ്മിശ്ര ഭാവത്തോടെ ഓർമ്മകൾ കൈക്കുപ്പി നിൽക്കുന്ന ഈ വിദ്യാലയത്തിൻെറ തിരുമുറ്റത്ത് അധ്യാപകരും കുട്ടികളും ഒരുപോലെ കണ്ട സ്വപ്നത്തിൻെറ ഏടുകളാണ് ഈ സുവർണ താളുകൾ. ഈ ഇതളുകളിൽ അവരുടെ പ്രത്യാശകളും ,പ്രതീക്ഷകളും, നിരാശകളും, മോഹഭംഗങ്ങളും കഥകളും കവിതകളും മുത്തു മണികളായി കോറിയിട്ടിരിക്കുന്നു. ഇത് പൂർണമല്ല, പക്ഷേ" മിഴിവിന്റെ'' അപൂർണതകൾ മാനവികതയുടെ പൂർണ്ണതയിലേക്കുള്ള പ്രയാണത്തിന് ചുവടുവെപ്പുകളാണ്. മിഴിവ്- 2019 നെ ആക്കുവാൻ സഹായിച്ച എല്ലാവർക്കും നന്ദി.



-എഡിറ്റർ

# ആമുഖം

## ദേശനാമചരിത്രം

തൃക്കൊടിത്താനം എന്ന ദേശനാമം ചരിത്രാതീത രേഖകളിൽ തെളിയുന്ന മഹത്വമാർന്ന വസ്തുതകളിലേക്ക് നമ്മെ നയിക്കുന്നു.

ബഹുമാനിക്കപ്പെടുന്ന രാജധാനി എന്നും തിരുരക്ഷാ സ്ഥാനമെന്നും തിരുവനന്തമനസ്ഥാനമെന്നും ആദരണീയമായ ഘടിതസ്ഥാനം (Center of Education) എന്നും അർത്ഥമാക്കുന്ന "തിരുകടിത്താനം"എന്ന പേരാണ് പിന്നീട് തൃക്കൊടിത്താനമായി മാറിയത്ത്.

## വിദ്യാലയ ചരിത്രം

തൃക്കൊടിത്താനം മഹാക്ഷേത്ര സങ്കേതത്തോട് അനുബന്ധമായി തിരുവിതാംകൂർ രാജാവായിരുന്ന ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്ത് ഒരു നാട്ടുവിദ്യാലയം സ്ഥാപിച്ചു. 1892 കിളിമല കേന്ദ്രീകരിച്ച് C MS സഭയുടെ നിയന്ത്രണത്തിൽ വെർണാക്കുലർ സ്കൂൾ നിലനിന്നിരിന്നു.1870 കാലഘട്ടത്തിൽ നടയിൽ കുന്നുംപുറം കേന്ദ്രീകരിച്ച് ദമ്പതികളായ കൊച്ചുകുഞ്ഞ്,ലക്ഷ്മി എന്നിവർ തുടർന്നുവന്നിരുന്ന കുടിപള്ളിക്കൂടത്തിലേക്ക് സംയോജിപ്പിച്ച് സർക്കാർ പ്രൈമറി സ്കൂളായി ആരംഭിച്ചു. നിലവിൽ സ്കൂൾ സ്ഥിതിചെയ്യുന്ന വസ്തു മേൽപ്പറഞ്ഞ ദമ്പതിമാരുടെ കുടുംബമായ കൊണ്ടയിൽ കളരിക്കൽ വക പുരയിടമായിരുന്നു.

സർക്കാർ പ്രൈമറി സ്കൂളായി പ്രവർത്തിച്ചുവന്ന ഈ സ്കൂൾ 1957 ലെ കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ നയരൂപീകരണത്തിന്റെ ഭാഗമായി അപ്പർ പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു. ഈ കാലയളവിൽ തൃക്കൊടിത്താനത്തെയും സമീപ പ്രദേശങ്ങളിലെയും ഏക വിദ്യാഭ്യാസ സ്ഥാപനമായി ഈ സർക്കാർ വിദ്യാലയം നിലനിന്നുപോന്നു.

1968-ൽ ഈ സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു നാടിന്റെ വിദ്യാകേന്ദ്രമായി പടുത്തുയർത്തപ്പെട്ടപ്പോൾ വിദ്യാർത്ഥികളുടെ ബാഹുല്യം

നിമിത്തം സ്കൂൾ പ്രവർത്തനം ഷിഫ്റ്റ് സമ്പ്രദായത്തിലേക്ക് മാറുകയും ഈ കാലയളവിൽ 3500 ലധികം വിദ്യാർത്ഥികൾ പഠനം നടത്തുന്ന ചങ്ങനാശ്ശേരിയിലെ ഏറ്റവും വലിയ വിദ്യാലയമായി ഉയരുകയും ചെയ്തു.

1998 ൽ പൊതു വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ ഹയർസെക്കൻഡറി ആരംഭിച്ചപ്പോൾ തൃക്കൊടിത്താനം ഗവ. ഹൈസ്കൂൾ ഹയർസെക്കണ്ടറി സ്കൂളായി മാറുകയുണ്ടായി.

## സാമൂഹ്യപശ്ചാത്തലം

വടക്ക് വാഴപ്പള്ളി, മാടപ്പള്ളി പിഞ്ചായത്തുകളും, കിഴക്ക് മാടപ്പള്ളി, കുന്നന്താനം പഞ്ചായത്തും, തെക്ക് പായിപ്പാട് പഞ്ചായത്തും, പടിഞ്ഞാറ് ചങ്ങനാശ്ശേരി നഗരസഭയും അതിരുകൾ പങ്കിടുന്ന 115 ച.കി.മീറ്ററുകളിലായി പരന്നുകിടക്കുന്ന,40000 ൽ പരം ജനസംഖ്യയോടുകൂടിയ പഞ്ചായത്ത് പ്രദേശമാണ് തൃക്കൊടിത്താനം ദേശം .ജനങ്ങളിൽ ഭൂരിഭാഗവും ഇടത്തരം കർഷകരും, ദൈനംദിന തൊഴിലുകളിൽ ഏർപ്പെടുന്നവരും, ചെറുകിട കച്ചവടക്കാർ, ചെറുന്യൂനപക്ഷംസർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുമാണ്. ആകെ ജനസംഖ്യയിൽ 10%ത്തോളം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരും,മറ്റും പിന്നോക വിഭാഗത്തിൽ പെട്ടവരുമാണ്.

മതസൗഹാർദ്ദത്തിൽ പ്രതീകങ്ങളായ ആരാധനാലയങ്ങളും ചരിത്രസ്മാരകങ്ങളും കുടികൊള്ളുന്ന തൃക്കൊടിത്താനം സ്ത്രീശാസ്ത്രീകരണ പ്രവർത്തനങ്ങളിൽ ജില്ലയിൽ മുൻപന്തിയിലാണ്. തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളിലും നേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

തൃക്കൊടിത്താനം പഞ്ചായത്തിലെ ഏക സർക്കാർ ഗവ. ഹയർസെക്കൻഡറി സ്കൂളാണിത്. ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാലയമായി മാറുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുകയാണ്. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണ്

ഇവിടെ നടന്നുവരുന്നത്.

യു. പി വിഭാഗത്തിൽ 41 കുട്ടികളും ഹൈസ്കൂൾ വിഭാഗത്തിൽ 224 കുട്ടികളും ഹയർസെക്കൻഡറി വിഭാഗത്തിൽ 360 കുട്ടികളും ഇവിടെ അധ്യയനം നടത്തുന്നു.

യു. പി. ഹൈസ്കൂൾ വിഭാഗങ്ങളിലായി 19 അധ്യാപകരും Resource Teachers,Counseling Teacher,5 Office staff എന്നിവരും ഇവിടെ പ്രവർത്തിച്ചുവരുന്നു.

ഹയർസെക്കൻഡറി വിഭാഗത്തിൽ പ്രധാന അധ്യാപിക ഉൾപ്പെടെ 17 അദ്ധ്യാപകരും 2 ലാബ് അസിസ്റ്റന്റുമാരും പ്രവർത്തിച്ചുവരുന്നു.




MAIN ENTRY

# ജി.എച്ച്.എസ്.എസ്.
# തൃക്കൊടിത്താനം

# ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ തൃക്കൊടിത്താനം

## പ്രവർത്തനറിപ്പോർട്ട് 2018 -19

ഈ കഴിഞ്ഞവർഷം 2018 കടന്നുപോയത് സംഭവബഹുലമായ ഓർമ്മകളിലൂടെയാണ്, 2018 ജൂൺ മാസം നിപ്പ വൈറസിൻറെന്റെയും ആഗസ്റ്റ് മാസം പ്രളയ ദുരന്തത്തിന്റെയും ആഘാതങ്ങൾ, നാം കേരളം ഒറ്റക്കെട്ടായി നേരിടുകയുണ്ടായി. നമ്മുടെ ജനങ്ങളുടെയും സർക്കാരിനെയും നിശ്ചയദാർഢ്യവും ആത്മവിശ്വാസവും പരസ്പരസ്നേഹവും ഈ കെടുതികളിൽ നിന്ന് ഉയർത്തെഴുന്നേൽക്കാൻ സഹായിച്ചു.

നമ്മുടെ സ്കൂളിനെ സംബന്ധിച്ച് വലിയൊരു ചരിത്രം ലേക്ക്,( ചരിത്രത്തിലേക്ക്) നയിക്കുന്ന പ്രവർത്തനത്തിൻറെ തുടക്കംകുറിച്ചതും 2018 തന്നെയാണ്. ഇടതുപക്ഷ സർക്കാരിൻറെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻറെ ഭാഗമായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തപ്പെടുന്ന സ്കൂളായി നമ്മുടെ സ്കൂൾ തിരഞ്ഞെടുക്കപ്പെട്ടു. അതിൻറെ പ്രാരംഭ പ്രവർത്തനങ്ങൾ 2018 തുടക്കം മുതൽ ആരംഭിച്ചു. പൂർവവിദ്യാർഥിസംഗമം, മികവ് 2018, രക്ഷാകർതൃ സംഗമം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സംഘടിപ്പിച്ചു. 2018 മെയ് മാസം 15 ന് പുതിയ വിദ്യാഭ്യാസ സമുച്ചയത്തിൻറെ തറക്കല്ലിടൽബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ശ്രീ തോമസ് അവറുകൾ

നിർവഹിച്ചു. ബഹുമാനപ്പെട്ട എംഎൽഎ ശ്രീ സി .എഫ് തോമസ് അവർകൾ അധ്യക്ഷതവഹിച്ചു. ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ സുനിൽകുമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ എൻ. കെ രാജു , ജില്ല പഞ്ചായത്ത് പ്രസിഡൻറ് ശ്രീ സഖറിയാസ് കുതിരവേലിൽ, ബ്ലോക്ക് ,ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ പിടിഎ എന്നിവർ പങ്കെടുത്ത വർണ്ണശബളമായ ഒരു വലിയ ആഘോഷമായി ആ ചടങ്ങ് സംഘടിപ്പിച്ച നിരവധി വ്യക്തികളെ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഹൈടെക് നിലവാരത്തിലേക്ക് നമ്മുടെ സ്കൂൾ മാറുന്നതിന് മുന്നോടിയായി അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള സെമിനാറുകൾ ചർച്ച യോഗങ്ങൾ നിരവധി ആയി നടന്നു.. മാസ്റ്റർപ്ലാൻ പൊതുജനസമക്ഷം അവതരിപ്പിക്കുകയും തുടർന്ന് സർക്കാരിലേക്ക് സമർപ്പിക്കുകയും ഉണ്ടായി. അതിൻറെ അടിസ്ഥാനത്തിൽ ഏഴുകോടി രൂപ മുടക്കിയാണ് നമ്മുടെ വിദ്യാലയം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുന്നത്. കെട്ടിട നിർമ്മാണം ആരംഭിച്ചു.
2018 മാർച്ച് മാസത്തിലെ എസ്എസ്എൽസി പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കാൻ നമുക്ക് കഴിഞ്ഞു. ഗൗരിലക്ഷ്മി 9 എ പ്ലസ്, ആമിന അശ്റഫ് 8 എ പ്ലസ്,രേവതി 7 എ പ്ലസ്, എന്നിങ്ങനെ നിരവധി കുട്ടികൾ
അഭിമാനാർഹമായ വിജയം സമ്മാനിച്ചു. 96 % വിജയം സ്കൂളിന് നേടാൻ കഴിഞ്ഞു. ഒമ്പതാം ക്ലാസിലെ എന്ന ആമന് കുട്ടിക്ക് ദേശീയതലത്തിലുള്ള എൻ. എം. എം. എസ്( നാഷണൽ മെറിറ്റ് ക്യാം മീൻസ് സ്കോളർഷിപ്പ്) നേടാൻ കഴിഞ്ഞു. നിരവധി ക്വിസ് മത്സരങ്ങളിലും എഴുത്തു പരീക്ഷകളിലും സ്കൂളിൻറെ അഭിമാനഭാജനം ആയി മാറിയ ആമന് ഈ അവസരത്തിൽ ഹൃദ്യമായ അഹൈടെക് നിലവാരത്തിലേക്ക് നമ്മുടെ സ്കൂൾ മാറുന്നതിന് മുന്നോടിയായി

അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള സെമിനാറുകൾ ചർച്ച യോഗങ്ങൾ നിരവധി ആയി നടന്നു.. മാസ്റ്റർപ്ലാൻ പൊതുജനസമക്ഷം അവതരിപ്പിക്കുകയും തുടർന്ന് സർക്കാരിലേക്ക് സമർപ്പിക്കുകയും ഉണ്ടായി. അതിൻറെ അടിസ്ഥാനത്തിൽ ഏഴുകോടി രൂപ മുടക്കിയാണ് നമ്മുടെ വിദ്യാലയം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുന്നത്. കെട്ടിട നിർമ്മാണം ആരംഭിച്ചു.

**മേളകൾ-** പ്രവർത്തി പരിചയമേളയിൽ സംസ്ഥാനതലത്തിൽ തന്നെ മികച്ച നേട്ടം കൈവരിക്കാൻ നമുക്ക് ഈ വർഷം സാധിച്ചു. 9a ക്ലാസി ലേ പ്രവീൺ പ്രമോദ് മരത്തിൽ കൊത്തുപണി വിഭാഗത്തിൽ സംസ്ഥാനത്തിൽ എ ഗ്രേഡ് നേടി. പ്രവീണിന് എല്ലാ ആശംസകളും നേരുന്നു. സബ്ജില്ലാ തലത്തിൽ രണ്ടാം സ്ഥാനം നേടിയ 9 യിൽ പഠിക്കുന്ന ഖദീജ എന്നാൽ കുട്ടിയേയും അഭിനന്ദിക്കുന്നു.

**എൻസിസി-** എൻസിപിയുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികളാണ് ഈ വർഷം നടത്തിയത്. ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്, പോസ്റ്റർ രചന മത്സരങ്ങൾ, ലഹരിവിരുദ്ധ റാലി, സ്വച്ഛഭാരത് ശുചിത്വ കാമ്പയിൻ, തുടങ്ങിയവ അവയിൽ ചിലതാണ്. പനങ്ങാട് വെച്ച് നടന്ന നാഷണൽ integration ക്യാമ്പിൽ നമ്മുടെ സ്കൂളിലെ അതുൽ സജി പങ്കെടുത്തു. ഈ കഴിഞ്ഞ ക്രിസ്മസ് അവധിക്കാലത്ത് എസ്സ്വി കോളേജിൽ വെച്ച് നടന്ന ക്യാമ്പിൽ നമ്മുടെ കുട്ടികൾ നിരവധി ഇനങ്ങളിൽ ചാമ്പ്യൻഷിപ്പ് നേടി ബെസ്റ്റ് പെർഫോമർ ആയി തിരഞ്ഞെടുക്കപ്പെട്ടു. എൻസിസി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന എ. എൻ. ഒ ശ്രീ സിനാജ് സാറിനെയും എൻസിസി അംഗങ്ങളെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

**കോ- കരിക്കുലർ ആക്ടിവിറ്റീസ്-** ലിറ്റിൽ കൈറ്റ്സ് club രൂപീകരിച്ചു സ്കൂൾതലത്തിൽ എല്ലാദിവസവും സബ്ജില്ലാ തലത്തിൽ ഉള്ള ക്യാമ്പുകളിലും വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തുന്നു. 12 ലാപ്ടോപ്പുകളും 7 പ്രൊജക്ടറുകളും കൈറ്റിൻറെ ഭാഗമായി സ്കൂളിൽ ലഭിച്ചിട്ടുണ്ട്. സ്മാർട്ട് ക്ലാസ് റൂമുകളുടെ പ്രവർത്തനം സ്കൂളിൽ ആരംഭിച്ചിട്ടുണ്ട്.

ഒക്ടോബർ 2 മുതൽ 10 വരെയുള്ള ബഹിരാകാശ വാരം( സ്പെയ്സ് വീക്ക് ) നോട് അനുബന്ധിച്ച് ഐഎസ്ആർഒ -യിൽ വെച്ച് നടന്ന ക്യാമ്പിന് 10b ലെ ഇവാൻ ജോൺ ജോബി, ഒമ്പതിലെ രേഷ്മ രഘുനാഥൻ എന്നീ കുട്ടികൾ ശ്രീ സിനാജ് സാറിൻറെ നേതൃത്വത്തിൽ പങ്കെടുക്കുകയുണ്ടായി.
വിദ്യാരംഗം കലാസാഹിത്യവേദിയുടെ നേതൃത്വത്തിൽ കുട്ടികളുടെ വായനാശീലം പോഷിപ്പിക്കുന്നതിനായി രണ്ടുദിവസത്തെ പുസ്തക മേള സംഘടിപ്പിച്ചു.
പഠന - പാഠ്യേതര പ്രവർത്തനങ്ങൾക്കായി നിരവധി ക്യാമ്പുകൾ പ്രവർത്തിച്ചുവരുന്നു. ഭാഷാ ക്യാമ്പുകൾ, ഐടി ക്ലബ്ബ്, സയൻസ് ഗണിതം, സോഷ്യൽ സയൻസ് ക്ലബ്ബുകൾ, കുട്ടികളുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിന് ആയി കല, കായിക, പ്രവർത്തിപരിചയമേള കൾ സ്കൂളിൽ നടത്തുകയുണ്ടായി.
ഭിന്നശേഷി കുട്ടികൾക്കായി നിരവധി പ്രവർത്തനങ്ങൾ, ക്യാമ്പുകൾ, ഈ കഴിഞ്ഞ ഡിസംബർ 3 ഭിന്നശേഷി ദിനം- വിളംബര റാലി തുടങ്ങി നിരവധി പ്രവർത്തനങ്ങൾ 2018 നടത്തുകയുണ്ടായി.
ഇതിനെല്ലാം നേതൃത്വം നൽകുന്ന സിസിലി ടീച്ചർ കുട്ടികൾക്ക് കൗൺസലിംഗ് പ്രവർത്തനങ്ങളിലൂടെ ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്ന സുധീന ടീച്ചർ ഇവരെയെല്ലാം സ്മരിക്കുന്നു.

റോട്ടറി ക്ലബ്- ചങ്ങനാശ്ശേരി 2018 വർഷത്തിൽ നമ്മുടെ സ്കൂളിന് ഒരുലക്ഷം രൂപ ചിലവഴിച്ചു ഉപയോഗശൂന്യമായ ടോയ്‌ലറ്റ് ബ്ലോക്ക്

നവീകരിച്ച തന്നു.

അമേരിക്കൻ സ്കോളർഷിപ്പ്- ശ്രീ ജോസഫ് ചാണ്ടി പഠനത്തിൽ മികവ് പുലർത്തുന്ന 6 കുട്ടികൾ ഏർപ്പെടുത്തിയത് സ്കോളർഷിപ്.
സ്കൂൾ തുറന്ന് സമയത്ത് നിരവധി സംഘടനകൾ നമ്മുടെ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുകയുണ്ടായി.
നമ്മുടെ സ്കൂളിലെത്തുന്ന കുട്ടികളെ സംബന്ധിച്ച് അവരുടെ ചുറ്റുപാടുകൾ വളരെ പരിചിതമാണ്. വിദ്യാഭ്യാസത്തിലൂടെ നേടിയെടുക്കുന്ന അറിവ് മാത്രം പോര മറിച്ച് സാമൂഹിക വികസനത്തിന് ഊന്നൽ നൽകുന്ന ബഹുമുഖ വളർച്ച കുട്ടികൾക്ക് വിദ്യാലയത്തിൽനിന്ന് ലഭ്യമാകണം. ആയതിലേക്ക് യുവ സംഘടനകളും കൈത്താങ്ങായി നമ്മുടെ കൂടെ വേണം. നമ്മുടെ ജില്ലാപഞ്ചായത്തിൻെറ എബിൽ കോട്ടയം പദ്ധതി എസ്എസ്എൽസി തീവ്രപരിശീലന പദ്ധതി ആരംഭിച്ചു. രാവിലെയും വൈകിട്ടും ലഘുഭക്ഷണം നൽകി ക്ലാസുകൾ നടക്കുന്നു. പിന്നോക്ക നിലവാരക്കാരായ കുട്ടികൾക്കായി ശ്രദ്ധ മലയാളത്തിളക്കം എന്നീ പരിപാടികളും പഠനം രസകരമാക്കാന് ഹലോ ഇംഗ്ലീഷ്, സുനിലി ഹിന്ദി എന്നീ പരിപാടികളും നടന്നുവരുന്നു.

..............................................................

............................................

# ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് തൃക്കൊടിത്താനം

പ്രവർത്തന റിപ്പോർട്ട്

തൃക്കൊടിത്താനം ഗവ.ഹയർസെക്കൻഡറി സ്കൂളിൽ മിക്കവുറ്റ രീതിയിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തിച്ചുവരുന്നു.

2018 ജനുവരി മാസം 8-ാം ക്ലാസ്സിൽ നിന്നും കമ്പ്യൂട്ടറിൽ താത്പര്യമുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് അഭിരുചിപരീഷ നടത്തുകയും,തുടർന്ന് ഉന്നത വിജയം നേടിയ 19 കുട്ടികളെ തിരഞ്ഞെടുത്ത് ലിറ്റിൽ കൈറ്റ്സ് പ്രവർത്തനം ആരംഭിച്ചു.

കൈറ്റ് മാസ്റ്റർമാരായി ശ്രീമതി മിനി.റ്റി.ആർ,അനീഷ ഷെരീഫ് എന്നിവരെ ചുമതലപ്പെടുത്തി.പി.റ്റി.എ മെമ്പർ,ഹെഡ് മാസ്സ്റ്റർ,സി.ഐ.റ്റി.സി കൈറ്റ് മാസ്സ്റ്റർ ഇവരെ ഉൾപ്പെടുത്തി ഒരു അഡൈ്വസറി ബോർഡ് രൂപീകരിച്ചു.

2018 ജൂൺ മാസം മുതൽ തന്നെ സജീവമായി കൈറ്റ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.കൈറ്റ് മൊഡ്യൂൾ പ്രകാരം വിവിധ വിഷയങ്ങളിൽ ബുധനാഴ്ച ദിവസങ്ങളിൽ പരിശീലനം നൽകുകയും തുടർ ദിവസങ്ങളിൽ പരീശിലനത്തിന് അവസരം നൽകുകയും ചെയ്യുന്നു.ആഗസ്സ്റ്റ് 4 ശനിയാഴ്ച കൈറ്റ് മാസ്സ്റ്റർമാരുടെ നേത്രത്വത്തിൽ ഏകദിന ക്യാമ്പ് സ്കൂളിൽ നടത്തുകയും മികവ് കാട്ടിയ വിദ്യാർത്ഥികളെ തിരഞ്ഞടുകുക്കയും ചെയ്തു.

മീനു ബാലകൃഷ്ണൻ,വീണ വിനോദ്,റിനു മത്തായി,അതുൽ സജി,ഭവേന്ദു,റാം സിദ്ധാർത്ഥ് എന്നി 6 വിദ്യാർത്ഥികളെ സബ് ജില്ലാ

മിഴിവ് 2019

*കൈറ്റ് ക്യാമ്പിലേക്ക് തിരഞ്ഞെടുത്തു. അവർ എസ്.ബി.എച്ച്.എസിൽ വച്ച് നടന്ന ക്യാമ്പിൽ പങ്കെടുത്തു.*

*ഡിസംബർ മാസം കൈറ്റിൻെറ നേതൃത്വത്തിൽ നടന്ന ഡി.എസ്.എൽ.ആർ ക്യാമറ ട്രെയിനിങ്ങിൽ റാം സിദ്ധാർത്ഥ് എന്ന വിദ്യാർത്ഥി പങ്കെടുത്തു.*

*സ്കൂൾ ഐ.റ്റി ലാബ് ക്രമികരിക്കുന്നതിലും, ഹൈ ടെക്ക് ക്ലാസ്സ് റൂമുകളിൽ അദ്ധ്യാപകരെ സഹായിക്കുവാനും കൈറ്റ് മാസ്സ്റ്ററിന് കഴിയുന്നു.*

*ഇങ്ക്സ്കേപ്, ആനിമേഷൻ, പ്രോഗാം, റോബോട്ടിക്സ്, ഇലട്രോണിക്ക്സ് തുടങ്ങിയ വിവിധ മേഖലകളിൽ കൈറ്റ് മാസ്സ്റ്റിന് ട്രെയിനിങ് നൽക്കുന്നു.*
*കംമ്പ്യൂട്ടർ സാങ്കേതിക വിദ്യയിൽ താൽപര്യം ഉള്ള മിക്കവുറ്റ കുട്ടികളുടെ കൂട്ടായ്മയായി മാറുകയാണ് ലിറ്റിൽ കൈറ്റ് ക്ലബ്. ഞങ്ങളുടെ സ്കൂളിലെ സ്പന്ദനമായി മാറുന്ന കൈറ്റ് മാസ്സ്റ്റേഴ്സ് നല്ലൊരു ഡിജിറ്റൽ മാഗസിൻ* 'മിഴിവ് 2019' *എന്ന പേരിൽ പ്രസിദ്ധികരിക്കുന്നു.*

*ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് സ്കൂൾ അധികാരികരികളും, അദ്ധ്യാപകരും, പിറ്റിഎ അംഗങ്ങളു, അനദ്ധ്യാപകരും സാർവത്രിക പിൻതുണ നൽകി പ്രോത്സാഹിപ്പിക്കുന്നു.*

**ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം**

മിഴിവ് 2019




# മലയാളം

ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം

## ഉള്ളടക്കം


1.ആമുഖം......

2.സന്ധ്യേ നീ എൻ പ്രിയസഖി

*3.കേരളം*

*4.നിലാവ് പെയ്യുന്ന ബാല്യകാലം*

*5.ആ മഴ*

*6.മാതൃഭാഷ ശ്രേഷ്ഠഭാഷ*

*7.അതിജീവിക്കും നാം*

*8.ഭൂമിയെ രക്ഷിക്കാൻ അന്തിമ മുന്നറിയിപ്പ്*

*9.*പ്രളയം നൽകിയ പ്രകൃതി പാഠങ്ങൾ

**10.**നവകേരള പിറവിക്ക് കേരളം മുന്നോട്ട്

*11.വിജയത്തിനുള്ള പഞ്ചശീലങ്ങൾ*

*12.വിദ്യഭ്യാസം ഒരു തുടർകഥ*

*13.*വിദ്യാർത്ഥികളിൽ വളർന്നുവരുന്ന ആത്മഹത്യാ പ്രവണത

# ആമുഖം

ഓർമ്മയിൽ തെളിഞ്ഞ രൂപങ്ങൾ ചാലിച്ച തുടങ്ങി
അവരുടെ കവിതകളിൽ, കഥകളിൽ സ്നേഹത്തിന്റെ
നനുത്ത സ്പർശമായി സംഗീതത്തിൻറെ ഊഷ്മളത
യായി ഏകാന്തതയുടെ യാമങ്ങളിൽ സ്വപ്നങ്ങൾ
ചിറകുവിരിച്ച് അപ്പോൾ കുത്തിക്കുറിച്ച വരികൾ,
സ്വപ്നലോകത്ത് മാത്രം ആകും ഒതുങ്ങിക്കൂടാൻ
ആഗ്രഹിക്കാത്ത ചില മനസ്സുകൾ ഇവിടെ
വാചാലമാകുന്നു.

## സന്ധ്യേ നീ എൻ പ്രിയസഖി



സന്ധ്യേ എൻ പ്രിയസഖി
എന്നിലെ മൗനവും രാഗവും
നീയല്ലോ...............
നിൻ കുങ്കുമച്ചാർത്തിൽ
മറയും വെൺ സൂര്യനല്ലോ
നിന്നിലെ ഭവങ്ങളെൻ
മനസ്സിൻ താളങ്ങളല്ലോ.
നിൻ വർണ്ണങ്ങൾ എന്നിൽ
ഉഷസ്സായി,സായന്തമായി
വിരിഞ്ഞിടുന്നു പിന്നെ
മെല്ലെ ഏതോ ചെപ്പിൽ മറഞ്ഞീടുന്നു.

*കാർത്തിക എസ്*
*IX A*

........

## കേരളം



*കേരളം എന്നുടെ നാടാണ്*

*കേരം തിങ്ങും നാടാണ്*

*നന്മ നിറഞ്ഞൊരു നാടാണ്*

മിഴിവ് 2019

*മലയാളത്തിൽ നാടാണ്*

*അനേകമായിരം ഗ്രാമങ്ങൾ*

*ഒത്തുചേരും നാടാണ്*

*പുഴകൾ ഒഴുകും നാടാണ്*

*കാടുകളുള്ളൊരു നാടാണ്.*

## നിലാവ് പെയ്യുന്ന ബാല്യകാലം


ഇരുളിൻെറ വാതിൽ തുറന്നു ആകാശം പൂത്തു

കിഴക്കിൻെറ കോണിൽ നിന്നും നിലാവൊന്നു പൊങ്ങി

ആ കാലം ഓർത്തിരിപ്പൂ എൻ മനസ്സിലെന്നും

ബാല്യകാല സന്തോഷം നിറഞ്ഞുതുളുമ്പി

(ഇരുട്ടിൻെറ വാതിൽ)



ഒരിക്കലും മായാത്ത മനസ്സിലെ ഗ്രന്ഥം

ഓർമയായി എന്നെന്നും എൻ മുന്നിൽ നിൽക്കും

അമ്മയുടെ ഒപ്പമന്ന് സ്കൂൾ വാതിൽ മുന്നിൽ

പേടിയോടെ കൈകോർത്ത് വിതുമ്പുന്ന കാലം

(ഇരുട്ടിൻെറ വാതിൽ)

ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം

മിഴിവ് 2019

അവിടെ തുടങ്ങിയതിന് ആദ്യ മധുര കാലം

കൂട്ടുകാരുമൊത്ത് ഉല്ലാസ് കിട്ടുക കാലം

ഓണമായാൽ പിന്നെ പൂക്കളുടെ മേളം

അക്കങ്ങൾ നിരനിരയായി പൂത്തു ഉയരും നേരം

( ഇരുട്ടിൻറെ വാതിൽ)

എൻ സ്കൂൾ ജീവിതം എൻ മനസ്സിൽ നിറഞ്ഞു

അച്ഛനെയും അമ്മയെയും നോക്കിയിരുന്ന ഞാൻ

അവരെന്നെ മനസ്സിലെന്നും ദൈവങ്ങളാണ്

പൂവിട്ടു പൂജിച്ച ഞാൻ എന്നും മനതാരിൽ ഇന്നും എന്നും ആകാശത്തിൽ
നിലാവിനെ കാണുമ്പോൾ നിലാവ് പോലുള്ള എൻറെ ബാല്യവും ഞാൻ

ഓർക്കുന്നു ( ഇരുട്ടിൻറെ വാതിൽ)

*നിതിൻ രാധാകൃഷ്ണൻ*
*X A*

## _ആ മഴ

*അന്നൊരു മഴ വന്നേ.*

*പുഴയതിൽ വഴിതിരിഞ്ഞേ*

*വഴിയോരം തടഞ്ഞേ*



ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം

മിഴിവ് 2019

*മഴയതിൽ മിഴിതുറന്നെ*

*മണ്ണെങ്ങോ മറഞ്ഞേ*

*പൂവെങ്ങോ കരിഞ്ഞേ*

*ഓടത്തിൽ  ഓരത്തേയ്ക്ക്*

*ഒന്നായി തുഴഞ്ഞേ*

*ഉത്രാടപാച്ചിലിൽ*

*കൂട്ടായി കുതിച്ചേ*

*ബക്രീദിൽ ബലിയായി*

*ഓണപ്പൂ പൊഴിഞ്ഞേ.*

*..............................................................................................................*

**ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം**

## മാതൃഭാഷ ശ്രേഷ്ഠഭാഷ

മാതൃഭാഷ ജനിച്ചുവീഴുന്ന ഒരോ നാവിൽനിന്ന് വീഴുന്ന ആദ്യഅക്ഷരം.നാം കേരളീയരാണ് അതുകൊണ്ടാണ് തന്നെ നമ്മുടെ മാതൃഭാഷ മലയാളമാണ്.

ശ്യാമസുന്ദര കേര കേദാരഭൂമിയായ കേരളത്തിന് മാറ്റുകൂട്ടുന്നത് മലയാളമാണ്.സ്വന്തം മാതൃഭാഷയുടെ വാസനയും സൗരഭ്യവും മറ്റൊരു ഭാഷക്കും ഇല്ല.ഏതൊക്കെ ഭാഷകളിൽ പ്രാവീണ്യം നേടിയാലും മതൃഭാഷയുടെ മാധുര്യം ആസ്വദിക്കുക അത് മറ്റൊരു അനുഭവം തന്നെയാണ്.എന്നാൽ ഇന്ന് നാം മലയാളത്തോന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.എന്നാൽ കേരള ഗവൺമെൻറ് ഈ നിലപാട് മാറ്റണമെന്ന ഉദ്ദേശത്തോടെ മലയാളത്തെ ശ്രേഷ്ഠഭാഷാ പദവിനൽകി ആദരിച്ചു.ലോകത്തിൽ വച്ച് സംസാരിക്കാനും വഴങ്ങാനും ഏറ്റവും പ്രയാസമുള്ള ഭാഷകളിൽ ഒന്നാണ് മലയാളം.



കഥകളും ഒക്കെ രചിക്കപ്പെട്ടിരിക്കുന്നു.ഇത്രയും സമ്പന്നമായ സാഹിത്യലോകമുള്ള മലയാളം എന്ന ഭാഷയെ അതിൻെറ മുഴുവൻ സൗന്ദര്യത്തോടെ അംഗീകരിക്കാനാവണം.
മാതൃഭാഷയെ ഉപേക്ഷിക്കുക എന്നത് പെറ്റമ്മയെ ഉപേക്ഷിക്കുന്നതിന് തുല്യമാണ്.മാതൃരാജ്യവും മാതൃഭാഷയും
സ്വന്തം അമ്മക്ക് തുല്യമാണ്.അമ്മയെ സംരക്ഷിക്കുക എന്നത്

മിഴിവ് 2019

പുത്രൻെറയോ പുത്രിയുടെയോ ധർമ്മമാണ്.
അതുകൊണ്ട് മാതൃഭാഷയെ സംരക്ഷിക്കൂ ജനനിയെ സംരക്ഷിക്കൂ.

കാർത്തിക പി.എസ് IX A

## അതിജീവിക്കും നാം

കേരളത്തിൽ സംബന്ധിച്ച പ്രധാനപ്പെട്ട വർഷമാണ് 2018. നമ്മൾ ഒരിക്കലും പ്രതീക്ഷിക്കാതെ വന്ന ഒരു മഹാദുരന്തം ആണ് പ്രളയം. ഈ പ്രളയം നമ്മളെ ഒന്നാകെ തകർത്തു. കേരളം മുഴുവൻ ഒറ്റപ്പെട്ടു.. ഉരുൾപൊട്ടലും മറ്റും നമ്മുടെ പ്രിയപ്പെട്ടവരുടെ ജീവനെടുത്തു. ഇതിനുമുമ്പ് 1924 ൽ 99 ലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന പ്രളയം വന്നെത്തിയത്. ഇത്തവണത്തെ പ്രളയത്തിൽ പലസ്ഥലങ്ങളും ഒറ്റപ്പെട്ടു. ചെങ്ങന്നൂരും പത്തനംതിട്ടയും പൂർണമായും ഒറ്റപ്പെട്ടു. എന്നാൽ മത്സ്യത്തൊഴിലാളികളും സൈന്യവും നമ്മുടെ രക്ഷയ്ക്കെത്തി. എങ്കിലും കേരളത്തിലെ പല നിർമ്മിതികളും പ്രണയം തകർത്തു.

എന്നാൽ നമ്മൾ ഇത് മറികടക്കും. പ്രളയം തകർത്ത എല്ലാം നമ്മൾ ഓരോന്നായി തിരിച്ചുപിടിക്കും,. പുതിയ കേരളത്തിനായി നമ്മൾ ഒറ്റക്കെട്ടായി ഇരിക്കും. ഇതിനായി നമ്മൾ പ്രയത്നിക്കണം .ഈ കേരളപ്പിറവി ദിനത്തിൽ തിരുവനന്തപുരത്ത് നടക്കുന്ന ഇന്ത്യ വെസ്റ്റിൻഡീസ് ക്രിക്കറ്റ് മത്സരം ഇതിനെല്ലാം ഒരു തുടക്കമാണ്. ശുദ്ധമായ തുടക്കമാണ്. പ്രണയത്തിന് മുമ്പായിരുന്നു മത്സരം തീരുമാനിച്ചത്. എന്നാൽ പ്രളയ ശേഷം മത്സരം മറ്റൊരു വേദിയിലേക്ക് മാറ്റുമെന്ന് നമ്മൾ ഭയന്നു. എന്നാൽ തിരുവനന്തപുരത്തുതന്നെ മത്സരം നടത്താനുള്ള തീരുമാനം നമുക്ക് ഏറെ ആത്മവിശ്വാസം തന്നു. ഒന്നിൽനിന്ന് തുടങ്ങാനുള്ള ആത്മവിശ്വാസം നമുക്ക് നൽകുന്നു.

ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം

നവകേരള നിർമ്മിതിക്ക് പൂർണ്ണ വിജയമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. നമുക്ക് ഉറപ്പുണ്ട് നമ്മൾ അതിജീവിക്കും.

-അമൻ .എ
IX B

മിഴിവ് 2019

## ഭൂമിയെ രക്ഷിക്കാൻ

## അന്തിമ മുന്നറിയിപ്പ്

'പ്രവചനാതീതമായ കാലാവസ്ഥ വ്യതിയാനത്തിൻെറ തീച്ചൂളയിൽ  നിന്ന് കരകയറണമെങ്കിൽ ഉണർന്ന് പ്രവർത്തിക്കാൻ ഇനി വെറും പത്തുവർഷം മാത്രം.'

ഭൂമിയെ രക്ഷിക്കാൻ ലോകരാഷ്ടങ്ങളോട് ആഗോള കാലാവസ്ഥ ശാസ്ത്രജ്ഞരുടെ അവസാന മുന്നറിയിപ്പ്.

ആഗോളതാപനത്തിൻെറ ഭാഗമായി കൊടുംചൂടും കടുത്ത വരൾച്ചയും ഭക്ഷ്യക്ഷാമവും കൂട്ടജീവഹാനിയുമടക്കമുള്ള കെടുതികൾ ആസന്നമെന്ന് ദക്ഷിണക്കൊറിയയിൽ സമാപിച്ച ഐപിസി ചൂണ്ടിക്കാട്ടി.

നിലവിലെ ആഗോള അന്തരീക്ഷ താപനില 1.5 ഡിഗ്രി  സെൽഷ്യസിൽ കൂടിയാൽ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത കാലാവസ്ഥാ മാറ്റമുണ്ടാകും.2030 നും 2050 നും ഇടയിൽ ആഗോളതാപനം ഈ പരിധി കടന്നേക്കാം. 10 വർഷത്തിനകം കാർബൺ പുറന്തള്ളൽ വെട്ടിക്കുറച്ചില്ലെങ്കിൽ സ്ഥിതി അതീവഗുരുതരമാക്കും.



ആഗോളതാപനത്തിൻെറ വർധന 1.5 ഡിഗ്രി സെൽഷ്യസിൽ കൂടാതിരിക്കാൻ കനത്ത വിലകൊടുക്കേണ്ടിവരും,എങ്കിലും പ്രതീക്ഷയുടെ

ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം

വാതിൽ തുറന്നുകിടക്കുന്നുവെന്ന് 33 പേജുള്ള നിർണായക റിപ്പോർട്ട് ചൂണ്ടിക്കാട്ടി.ഇതിനായി ഊർജ്ജ ഉപയോഗം,ഭൂമി വിനിയോഗം ,നഗര-വ്യവസായവത്കരണം എന്നിവയിൽ കർശന നിയന്ത്രണം കൊണ്ടുവരേണ്ടിവരും.മൂന്ന് വർഷത്തെ തീവ്രഗവേഷണത്തിലൂടെ കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥയാനത്തിലാണ് ആഗോളകാലാവസ്ഥ ശാത്രജ്ഞരുടെ സുപ്രധാന സംഘടന ഒരാഴ്ച നീണ്ട ചർച്ചകൾക്ക് ശേഷം അന്തിമ റിപ്പോർട്ട് പുറത്തുവിട്ടത്. ഡിസംബറിൽ പോളണ്ടിൽ ചേരുന്ന കാലാവസ്ഥാ ഉച്ചകോടിയിൽ ഈ റിപ്പോർട്ടാകും ചർച്ചക്കെടുക്കുക.അന്തരീക്ഷ താപനില ഉയർന്നാൽ ഇന്ത്യയിൽ അത്യുഷ്ണം അനുഭവപ്പെടുമെന്ന് ഐപിസിസി റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഏറ്റവുമധിക്കം കാർബൺ പുറന്തള്ളുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. അതുകൊണ്ടുതന്നെ കാലാവസ്ഥ വ്യതിയാനത്തെ പ്രവർത്തനങ്ങൾക്ക് ഇന്ത്യയുംമുൻകൈയെടുക്കണം.കടുത്ത ജലക്ഷാമം,ആരോഗ്യപ്രശ്നങ്ങൾ,ഭക്ഷ്യക്ഷാമം എന്നിവ അനുഭവപ്പെടും.കൊൽക്കത്തയാകും ഇതിൻെറ കെടുതി ഏറ്റവുമധികം അനുഭവിക്കേണ്ടിവരിക മൂന്നുവർഷം മൂവായിരത്തിനടുത്ത് പേർക്കാണ് അത്യുഷ്ണത്തെ തുടർന്ന് ഇന്ത്യയിൽ ജീവൻ നഷ്ടപ്പെട്ടതെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

കാലാവസ്ഥ വ്യതിയാന മുന്നറിയിപ്പിനെ അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് വിലകല്പിക്കാത്ത സാഹചര്യത്തിൽ ഐപിസിസി റിപ്പോർട്ടിൻെറ ഭാവി ആശങ്കയിലാണ്.പാരിസ് കാലാവസ്ഥ ഉടമ്പടിയിൽ നിന്നും കാർബൺ പുറന്തള്ളൽ നിയന്ത്രണ ഉത്തരവാദിത്തത്തിൽ നിന്നും പിന്മാറുന്ന അമേരിക്ക ആഗോള കാലാവസ്ഥാ വ്യതിയാനത്തിൻെറ മുഖ്യകാരണക്കാരനായി നിലനിൽക്കുകയാണ്.

# പ്രളയം നൽകിയ പ്രകൃതി പാഠങ്ങൾ

**നാം ഇന്നുവരെ കണ്ടതിൽ നമ്മുടെ ലോകത്തിനും പ്രകൃതിയെയും മനുഷ്യ ജീവനെയും കലുക്കിയ ഒരു വേദനയായിരുന്ന പ്രളയം. നാം നമ്മുടെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ട നിരവധി പ്രശ്നങ്ങളുണ്ട്. അതിൽ നാം നെഞ്ചോട് ചേർത്ത് വെക്കേണ്ട അത്യന്താപേക്ഷിതമായ ഒരു പ്രളയ രൂപമായിരുന്നു ഇത് മനുഷ്യനെ മാത്രമല്ല, പ്രകൃതിയെയും സസ്യജന്തുജാലങ്ങളുടെ ജീവിതത്തെയും മാറ്റിമറിച്ച് ഒരു വലിയ ഭൂകമ്പത്തിന് അടിസ്ഥാനം പോലെ ഏവരും ഇതിനെ കണക്കാക്കുന്നു. ഓരോ മനുഷ്യനും ഭൂമിയിലേക്ക് പിറന്നുവീഴുന്ന കുഞ്ഞിനും ജീവിക്കാൻ ആഗ്രഹം ഉണ്ട്. പക്ഷേ അതുപോലും ഈ പ്രളയം തുടച്ചു മാറ്റിയിരിക്കുകയാണ്. പ്രളയം എന്ന ഒരു അനുഭവം കണ്ടറിഞ്ഞവർ ചുരുക്കം പേർ മാത്രമേ ഉള്ളൂ. എന്നാൽ അത് അനുഭവിച്ച് ഭൂരിഭാഗം ആളുകളും ഇന്ന് ജീവിച്ചിരിക്കുന്നില്ല. നിങ്ങളുടെയും മറ്റു മനുഷ്യരുടെയും നമ്മുടെ എല്ലാവരുടെയും അനിയത്തിമാരും, അനുജന്മാരും , അമ്മമാരും, മുത്തശ്ശിമാരും, അങ്ങനെ ഒട്ടനവധി ആളുകൾ ആ പ്രളയത്തോട് മല്ലടിച്ചു. എന്നാൽ അവരെ രക്ഷിക്കാൻ നമുക്ക് എന്നല്ല മറ്റൊരു മനുഷ്യജീവനും കഴിയുന്നില്ലെന്നതാണ് സത്യം.**

**പ്രകൃതിയുടെ വരദാനമാണ് മഴയെന്നത് നാം മനുഷ്യ ജീവികൾക്കും, സസ്യ ജന്തുജാലങ്ങൾക്കും അറിയാം. പക്ഷേ ഈ പ്രളയം നമ്മെ മാത്രമല്ല നമ്മുടെ പ്രകൃതിയെയും നശിപ്പിച്ചു. എന്നാൽ ഇപ്പോഴും പ്രളയം ബാധിച്ചവരുടെ ചങ്ങലയിൽ നിന്ന് മോചിതനാകാതെ ഒരു തടവു പുള്ളിയെ പോലെ കിടക്കുന്നു.**

**പ്രളയം ബാധിച്ചവർ ഇന്ന് നമ്മുടെ കൂടെ ഇല്ല. എന്നാൽ അവരുടെ**

**ഓർമ്മകൾ ഇന്നും നമ്മളെ വേട്ടയാടുന്നു. പ്രളയം എന്ന 3 അക്ഷരത്തിനും ഉപരിയായി അതുണ്ടാക്കിയ ദുരന്തം അത് ഏറെയാണ്. ഓരോ മനുഷ്യ ജീവനും ആഹാരത്തിനുവേണ്ടി കൊതിക്കുമ്പോൾ സ്വാർത്ഥത ബാധിച്ച ആളുകൾ അവരുടെ ഭക്ഷണം തെരുവ് നായക്കും, മറ്റെവിടേക്കും വലിച്ചെറിയുന്നു. എന്നാൽ അവർ അറിയുന്നില്ല ഓരോ പിഞ്ചുകുഞ്ഞും ഇത്തിരി ആഹാരത്തിനുവേണ്ടി നെഞ്ച് പൊട്ടി കരയുന്നു എന്ന് ആരും അറിയാതെ പോകുന്നു.**

**' വിശപ്പിൻറെ വിലയെന്ത്?'**

**ഈ ചോദ്യത്തിന് നമുക്ക് ഉത്തരമില്ല. എന്നാൽ ഉത്തരമുള്ള ലക്ഷോപലക്ഷം ആളുകൾ ദുരന്തഭൂമിയിൽ പെട്ടു ജീവനൊടുക്കുന്നു.**

**1924 ന് നമ്മളെയും നമ്മുടെ പ്രകൃതിയേയും, രാജ്യത്തെയും, എല്ലാം മാറ്റിമറിച്ച സംഭവമാണ് പ്രളയം. എന്നാൽ അന്ന് ലക്ഷോപലക്ഷം ആളുകൾ മരണമടഞ്ഞെങ്കിലും ആ ദുരന്തത്തെ തുടർന്ന് പിന്നെ ആദ്യമായി നമ്മുടെ ലോകം കണ്ടാ വൻ ദുരന്തത്തെ നാം മനുഷ്യൻറെ ജീവൻറെ തുടിപ്പു പോലെ ഓരോ മനുഷ്യനും നോക്കി കാണുന്നു.**

**ജീവിതം അത് അനുഭവിക്കാനും ആസ്വദിക്കാനും ഉള്ളതാണ്. പക്ഷേ ഈ ദുരന്തത്തോട് ജീവിതം മടുത്തു എന്ന അവസ്ഥയിലായിരുന്നു ഓരോ മനുഷ്യനും. ഒരു കുഞ്ഞിന് പിറന്നു വീഴാൻ പോലും പറ്റാത്ത സാഹചര്യത്തിൽ ആ അമ്മയുടെ വയറ്റിൽ കിടന്ന് കുഞ്ഞ് പിടയുന്നതിൻെറ വേദന കേരളമാകെ അറിഞ്ഞു കഴിഞ്ഞിരിക്കുന്നു. ആ കുഞ്ഞ് നമ്മോടോക്കെ എന്താണ് ചെയ്തത്? അതിനു ഭൂമിയിലേക്ക് പിറന്ന വീഴാനുള്ള അവകാശം ദൈവം നിഷേധിച്ചിരിക്കുകയാണോ? എന്നല്ലാം നാം മനുഷ്യൻ**

**ചിന്തിക്കുന്നു.**

**പ്രളയം വന്ന് ദശലക്ഷക്കണക്കിന് ആളുകളുടെ ജീവനെടുത്തു. വീടുകൾ മുങ്ങി. ശ്വാസം പോലും കിട്ടാൻ വയ്യാതെ ആളുകൾ ഞെരുങ്ങി. പല വീടുകളും തകർന്നടിഞ്ഞു. ആളുകൾ എന്ത് ചെയ്യണമെന്നറിയാതെ പകച്ചു നിന്നു . എല്ലാ ഇടവും കവിഞ്ഞൊഴുകി മനുഷ്യൻ മരണത്തോട് മല്ലടിച്ചപ്പോൾ അവർക്ക് രക്ഷകരായി തീർന്നത് രക്ഷാപ്രവർത്തകരും മത്സ്യത്തൊഴിലാളികളും ആണ്. വീടുകൾ നഷ്ടപ്പെട്ട് തല ചായ്ക്കാൻ ഒരു സ്ഥലമില്ലാതെ മാറിയപ്പോൾ സരസ്വതി ക്ഷേത്രങ്ങളായ വിദ്യാലയങ്ങളാണ് അവരെ സംരക്ഷിച്ചത്.**

**വിദ്യാലയങ്ങൾ കുട്ടികൾക്ക് അറിവും അക്ഷരങ്ങളും മാത്രം പകർന്നുനൽകുന്ന ഒരു ക്ഷേത്രമായി നാം മനുഷ്യൻ കാണരുത്. മരണം മനുഷ്യൻറെ മുൻപിൽ നിൽക്കുന്ന സമയത്ത് ജീവൻ രക്ഷിക്കാൻ തുറന്നു കൊടുത്ത വാതിലുകളാണ് വിദ്യാലയങ്ങൾ. അവർക്കുവേണ്ട സാധനങ്ങളും, ഭക്ഷണങ്ങളും എല്ലാം അവർ നൽകി. പ്രളയം ബാധിച്ചവരിൽ പലരെയും രക്ഷിക്കാനാവാതെ അവർ മരണമടഞ്ഞു. മനുഷ്യൻ മരണത്തെ മുൻപിൽ കണ്ട നിമിഷങ്ങളായിരുന്നു അത്.**

**നാം മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതയും ദുഷ്ട തരത്തിൻെറ ഫലവുമാണ് നാം അനുഭവിക്കുന്നത്. പ്രകൃതിയുടെ വരദാനമാണ് മഴ എന്ന് നാം പറയാറുണ്ട്. എന്നാൽ പ്രകൃതിയുടെ ദേശമാണ് പ്രളയം എന്ന് നാം കണക്കാക്കുന്നില്ല. 2018 ൽ നാം അനുഭവിച്ച ഈ പ്രളയത്തെ നാം ഓർത്തുവെക്കുന്നു. എന്നാൽ ഈ പ്രളയത്തേ കൈകോർത്തുപിടിച്ച് എതിർക്കാൻ കേരളം ഒറ്റക്കെട്ടായി നിന്നു.**

ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം

മനുഷ്യർ എല്ലാവരും, നന്മ സ്നേഹം കരുണ എന്നിവയെല്ലാം എന്തെന്ന് തിരിച്ചറിഞ്ഞു. ഓരോ വീടുകളിലും വീട് നഷ്ടപ്പെട്ട ആളുകളെ താമസിപ്പിച്ച് അവരുടെ സങ്കടം അവർ അകറ്റി. ഒരു അമ്മയ്ക്കറിയാം മറ്റൊരമ്മയുടെ വേദന ഒരു അച്ഛൻ അറിയാം ഒരു മകൻറെ വേദന എന്നാൽ ഒരു രാജ്യത്തിന് അറിയാം നാം മനുഷ്യരുടെ വേദന. നാം മനുഷ്യരെ കൈവിടാതെ ചേർത്തുപിടിച്ച് ഗവൺമെൻറിൻറെ പുസ്തകം തുറന്നു അതിലെ അക്ഷരങ്ങളാക്കി മാറ്റിക്കൊണ്ടാണ് ഗവൺമെൻറ് ഈ പ്രശ്നം പരിഹരിച്ചത് . എന്നാൽ ഇപ്പോഴും ഇതിൻറെ അനന്തരഫലം അനുഭവിക്കുന്നവർ നിരവധിയാണ്. അവരെ സംരക്ഷിക്കാൻ നാം ഓരോരുത്തരും ബാധിതരാണ്. പ്രളയം വന്നതിലൂടെ മനുഷ്യൻറെ വെറുപ്പും , ദേഷ്യവും എല്ലാം മാറി, സ്നേഹവും സന്തോഷവും നിറച്ച് മനുഷ്യരെ ഏറ്റെടുത്ത് അവരെ സംരക്ഷിക്കാനുള്ള മനസ്സ് നാം ഓരോരുത്തരും കാണിച്ചു.

പ്രളയത്തെ തുടർന്നുണ്ടായ സംഭവങ്ങൾ നമ്മുടെ മനസ്സിൽ കെടാവിളക്ക് പോലെ അണയാതെ നിലനിൽക്കുന്നു. ആ വിളക്ക് അണയണമെങ്കിൽ നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ സഹപാഠികൾ നമുക്കരികിൽ വേണം.

പ്രളയം എന്നത് മൂന്നക്ഷരം അല്ല മറിച്ച് ലോകത്തെ തന്നെ നടുക്കി കളഞ്ഞ ഒരു മഹാ വേദനയാണ് എന്ന് നാം മനുഷ്യർ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മിഴിവ് 2019

## നവകേരള പിറവിക്ക് കേരളം മുന്നോട്ട്

ഇന്ന് നവംബർ 1.ഇന്നോടെ 62-ാം വർഷം തികയുന്ന കേരളം പിറവികൊണ്ടിട്ട്.ഒരു മഹാപ്രളയത്തെ അതിജീവിച്ച് കേരളം നവവൈവിധ്യമാർന്ന് മുന്നോട്ട്.കേരളം ഒരു കുടക്കീഴിൽ ജാതിമതഭേദമില്ലാത്തെ ഒന്നായി കൈകോർത്തു. ഈ പ്രളയത്തിൽ പലർക്കും പലതും നഷ്ടപ്പെട്ടു. അതെല്ലാം അതിജീവിക്കുന്നതിന് അഭിമാനപൂർവം സാക്ഷ്യം വഹിക്കുകയാണ് നവകേരളം. എല്ലായിടവും നന്മ എന്ന പദം പരത്തിയാണ് ഈ പ്രളയം നാം നേരിട്ടത്.മത്സ്യതൊഴിലാളികൾ, രക്ഷപ്രവർത്തകർ കൂടാതെ ഈ ലോകത്തുള്ള സകല മനുഷ്യരും കേരളത്തിനായി കൈകോർത്തു.



ആഗസ്റ്റ് മാസത്തോടെ തുടങ്ങിയ മഴ;കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത പ്രളയത്തിലാണ്തോർന്നത് ഒട്ടേറെ ദുരിതാശ്വാസ ക്യാമ്പുകൾ കേരളത്തിലുട നീളം പ്രവർത്തിച്ചിരുന്നു.അവിടെയ്ക്ക് ഒരോരുത്തരും അവർക്കാവും വിധം സഹായങ്ങൾ ചെയ്തു.നിരവധി കുട്ടികളുടെ പഠനംനിലച്ചു.ഒരോ ജീവനും വിലക്കല്പ്പിച്ച മുന്നേട്ട യാത്ര വീണ്ടും തുടരുന്നു.

സുമിത ഇ.എസ്
IX B

ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം

മിഴിവ് 2019

## വിജയത്തിനുള്ള  പഞ്ചശീലങ്ങൾ

ഔപചാരിക  വിദ്യാഭ്യാസം ലഭിച്ചാലും ഇല്ലെങ്കിലും ജീവിതം വിജയകരമാക്കാം.അതിന് ചില പഞ്ചശീലങ്ങൾ തുടരണം. അവയെ പരിചയപ്പെട്ടാൽ:

(1). സ്വഭാവം - ഒരു മനുഷ്യൻെറ ജയപരാജയങ്ങൾ നിർണയിക്കുന്ന പ്രധാനഘടകം അവൻെറ സ്വഭാവമാണ്. സത്യസന്ധതയും, ആത്മാർത്ഥതയും, പരസ്പരസ്നേഹവും വിജയമന്ത്രങ്ങളാകുമ്പോൾ കാപട്യവും വഞ്ചനയും പരാജയത്തിന് കാരണമാവും.





(2). അർപ്പണബോധം - ലക്ഷ്യങ്ങൾ മുൻനിർത്തി സഞ്ചരിക്കുന്നവരാണ് മനുഷ്യർ, അതുകൊണ്ട് തന്നെ സ്വന്തം കഴിവുകൾ അർപ്പണബോധത്തോടെ നിറവേറ്റാൻ മടികാട്ടരുത്.

(3). ദൃഢവിശ്വാസം - രൂക്ഷമായ എതിർപ്പുകളേയും ശക്തമായ വിമർശനങ്ങളേയും അടിപതറാതെ നേരിട്ട് വിജയം നേടൻ ദൃഢവിശ്വാസം കൊണ്ട് സാധിക്കും.

(4). മര്യാദ – സ്വഭാവത്തിൻെറ ഭാഗമാണ് മര്യാദ , മറ്റുള്ളവരുടെ സ്നേഹവും പ്രീതിയും നേടിയെടുക്കുവാൻ നമ്മെ സഹായിക്കുന്നത് പ്രവൃത്തിയിലും വാക്കിലും ഉള്ള മര്യാദയാണ്.

(5). ധൈര്യം - പരാജയത്തിൻെറ മുന്നിൽ ധൈര്യത്തോടെ പതറിപ്പോകാതെ നിൽക്കുന്നവരാണ്  ജീവിതത്തിൽ വിജയം

ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം

മിഴിവ് 2019

***കൈവരിക്കുന്നത.***

**-നർജഹാൻ . എൻ**

**എച്ച്. എസ്. എ**

## <u>***വിദ്യഭ്യാസം ഒരു തുടർകഥ***</u>

നമ്മൾ വിദ്യഭ്യാസത്തിലൂടെ അറിവ് നേടുന്നവരാണ്.നമ്മുടെ തലമുറ അറിവിൻെറ കാര്യത്തിൽ ഭാഗ്യവാന്മാരാണ്.ഔപചാരിക വിദ്യഭ്യാസത്തിൻെറ ഒരു തുടർകഥയാണ് നമ്മൾ.അദ്ധ്യാപകർ,വിദ്യർത്ഥി സമൂഹം ഇത്ഒരു നൂറ്റാണ്ടായി തുടരുന്ന യാഥാർത്ഥ്യമാണ്.വിദ്യാർത്ഥി സമൂഹം ഇന്ന് പരിവർത്തനത്തിൻെറ ദിശയിലാണ്.വിദ്യഭ്യാസത്തിലൂന്നിയ ആധുനിക കലഘട്ടം എഴുത്തിന് പ്രചാരം കൊടുക്കുന്നവരാണ്.നമ്മുടെ ഭാഷ, ലേഖനം എഴുത്തിൻറെ ഭാഷ, പത്ര പ്രവർത്തനത്തിൻറെ ഭാഷ, ചരിത്രത്തിൻറെ ഭാഷ, ശാസ്ത്രത്തിൻറെ ഭാഷ എന്നിങ്ങനെ മുഖം മിനുക്കുകയാണ്. മാറ്റങ്ങളെ അപ്പപ്പോൾതന്നെ ഉൾക്കൊണ്ടു മുന്നേറുന്ന ആധുനിക വിദ്യാഭ്യാസം. ഔപചാരിക വിദ്യാഭ്യാസത്തിൻറെ ചുവരുകൾ ആണ് കലാലയങ്ങൾ നിരവധി ബുദ്ധിമുട്ടുകൾ സഹിച്ച് നാം സ്കൂളിലേക്കും കോളേജിലേക്കും പോകുന്നു. അങ്ങനെ മടങ്ങിയ വിദ്യാഭ്യാസ സ്ഥാപനം ഒരു ചെറു സമൂഹം ആകുന്നു. ഈ സമൂഹം നമുക്ക് മാതൃകയാണ്. ഇത് പരിപാവനമായ സങ്കല്പമാണ്.




എന്നാൽ പരിപാവനമായ ഗുരുശിഷ്യ ബന്ധങ്ങൾക്ക് ഇന്ന് മങ്ങൽഏറ്റിരിക്കുന്നു. അധ്യാപകരെ ആക്ഷേപിക്കുന്ന വിദ്യാർത്ഥി സമൂഹം ഇന്ന് രൂപപ്പെട്ടിരിക്കുന്നു. ഗുരുവിനെ വർധിക്കുന്നതിനു പകരം നിന്ദിക്കുക എന്ന രീതിയിലേക്ക് കാലം മാറിയിരിക്കുന്നു. വിദ്യാലയത്തിലേക്ക് കടന്നുവരുന്ന വിദ്യാർത്ഥികൾ ഒരു പുതു പിറവിയിലേക്ക് എത്തിച്ചേരേണ്ട

ഇരിക്കുന്നു .ഇന്ന് സാങ്കേതികവിദ്യയുടെ കാലഘട്ടമാണ്. മനുഷ്യ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത പരിവർത്തന കാലഘട്ടം അതിനാൽ തന്നെ വിദ്യാഭ്യാസകാലഘട്ടം വ്യക്തിജീവിതത്തിൽ നിർണായകമാണ്.
അറിവുകളുടെ മനസിലാക്കലും പങ്കുവയ്ക്കലും ആണ് വിദ്യാഭ്യാസം, അതുകൊണ്ടുതന്നെ വിദ്യാഭ്യാസം ഒരു തുടർക്കഥയാണ് അത് തുടർന്നുകൊണ്ടേയിരിക്കുക.

-അഞ്ജന ടി.സി
IX B

## വിദ്യാർത്ഥികളിൽ വളർന്നുവരുന്ന ആത്മഹത്യാ പ്രവണത

**പത്രദൃശ്യമാധ്യമങ്ങളിൽ ഇന്ന് സ്ഥിരം വാർത്തയായിരിക്കുന്നു ആത്മഹത്യകൾ. വിദ്യാർത്ഥികളിൽ ആത്മഹത്യാപ്രവണത അനുദിനം വർധിച്ചുവരുന്നു.**
**പരീക്ഷയിൽ മാർക്ക് കുറഞ്ഞാൽ ,മാതാപിതാക്കൾ അധ്യാപകർ ഒക്കെ വഴക്കു പറഞ്ഞാൽ, എൻട്രൻസ് പരീക്ഷയിൽഅഡ്മിഷൻ കിട്ടാതെ വന്നാൽ, അങ്ങനെ നിസാരമായ തോ അല്ലാത്തതോ ആയ കാരണങ്ങളുടെ പേരിൽ നമ്മുടെ കുരുന്നുകൾ സ്വയം ജീവനെടുക്കുന്നു . എന്താണ് ഇതിന് പ്രതിവിധി?**



**ആഴത്തിൽ ചിന്തിച്ചാൽ മനസ്സിലാകും ഇന്നത്തെ കുട്ടികൾ പഴയ തലമുറയെ അപേക്ഷിച്ച് യാതൊരു ബുദ്ധിമുട്ടും അറിയാതെ**

**ജീവിക്കുന്നവരാണ്. മക്കളുടെ ആവശ്യങ്ങൾ എത്ര വലുതായാലും എത്ര കഷ്ടപ്പാടുകളും സഹിച്ച് മാതാപിതാക്കൾ അത് സാധിച്ചുകൊടുക്കും. പ്രശ്നങ്ങൾ അറിയാതെ വളരുന്ന കുട്ടികൾ നിസ്സാരപ്രശ്നങ്ങളുടെ പേരിൽ തളർന്നുപോകുന്നു. കുട്ടികളുടെ ഏതാഗ്രഹവും സാധിച്ചു കൊടുക്കാം പക്ഷേ അതിന് പിന്നിൽ മാതാപിതാക്കളുടെ കഷ്ടപ്പാടും ബുദ്ധിമുട്ടുകളും അറിയണം. കുട്ടികളുടെ ആഗ്രഹങ്ങൾ വാനോളം വരുമ്പോൾ മാതാപിതാക്കൾ നിസ്സഹായരാകുന്നു. വിലകൂടിയ ബൈക്കും മൊബൈൽഫോണും വാങ്ങിനൽകി കുട്ടികളെ സന്തോഷിപ്പിക്കുന്ന മാതാപിതാക്കൾ ഒന്നോർക്കുക അവരുടെ പോക്ക് എങ്ങോട്ടെന്ന്. ജീവിത രീതികൾ തെറ്റായ ദിശയിലേക്ക് പോകുമ്പോൾ അധ്യാപകരോ മാതാപിതാക്കളോ അവരെ ഉപദേശിക്കുകയോ ശാസിക്കുകയോ ചെയ്താൽ അവർ മനംനൊന്ത് ആത്മഹത്യ ഭീഷണി മുഴക്കുന്നു.**

**നമ്മുടെ പ്രവർത്തികൾ മോശമാകുമ്പോൾ നമ്മെ സ്നേഹിക്കുന്നവർക്ക്സഹിക്കാൻ കഴിഞ്ഞുവെന്ന് വരില്ല അവർ നമ്മെ നേർവഴിയിൽ കൊണ്ടുവരാൻ ശ്രമിക്കും. ഒരിക്കലും അവരെ ശത്രുവായി കാണരുത്. ചോദ്യം ചെയ്യപ്പെടാത്ത ജീവിതം അഭികാമ്യമല്ല എന്നാ സോക്രട്ടീസിനെ വചനം ഓർക്കുന്നത് നല്ലത്. നമ്മുടെ വിഷമങ്ങൾ തുറന്നു പറയുവാൻ ഒരു നല്ല സുഹൃത്ത് ഉണ്ടാവണം. സ്നേഹബന്ധങ്ങളുടെ വില നഷ്ടപ്പെടാതെ സൂക്ഷിച്ചാൽ ആത്മാർത്ഥമായ ഒരു വാക്ക് നമുക്ക് പുതുജീവൻ നൽകും. കഷ്ടപ്പാടുകൾ അറിഞ്ഞു ജീവിക്കുന്നവൻ ഒരിക്കലും പ്രതിസന്ധികളിൽ തളരില്ല, അതിനുള്ള കരുത്തുംസ്നേഹവും പരസ്പരം പങ്കുവെക്കാൻ മനസ്സുള്ളവരാകണം നാമെല്ലാവരും.**

**-സുധിന**

**സ്കൂൾ കൗൺസലർ**

മിഴിവ് 2019



# ENGLISH

ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം

# INDEX

1.FRIENDSHIP FOREVER

2.A WORD FOR

3.MY SCHOOL

4.Value of Time

5.Be positive

6.Greatest Thoughts

7.Words of A .P .J. AbdulKalam

8.Rules of life

9.Laughing Quiz

10.An Ideal Student

## FRIENDSHIP FOREVER



A friend is
A smile when you are sad
A help when you are weary
A hope when you need it
A guide when you are in search
A sweet memory through out your life

-Rinu Mathai
IX B

.................

## A WORD FOR MY SCHOOL

The first day of June
I came with firm decision
to you my dear school
I have been here for few years




Held firmly to this school
watered and nurtured and slowly
I grew up into a tree

You gave us
specially guided
teachers
who paint our minds

You gave us special friends
who gave me love,hope and joy.
Karthika .M.R IX B

## Value of Time

Time is valuable. Infact we cannot say how valuable it is. Man has invented clock to measure time,but he has failed to produce anything by which he can determine the value of time. A proverb rightly says that 'time and tide wait for none'. Time can be compared to a stream that flows into an ocean or a wave in the ocean. Both are not under the control of any power on earth. Time passes without our knowledge. Hours,days,weeks,months and years are the different terms used to refer time.



Time like stream of water,is irrevocable. Time once lost is lost forever. Though minutes or hours or days or weeks or months or year may look the same its effect on us will not be the same. We should try to use every single second of our life usefully and make our lives worth living.

-Meenu Balakrishnan
IX B


# Be positive

*Tips of positive mental attitudes:*

*- Smile.*
*_Greet people courteously.*
*_Dream,engage in imagination,set a goal aim high.*
*_Be single minded in your purpose.*
*_Be humble and positive.*
*_Don't be judgemental.*
*_Forgive and forget.*

*-Reshma Reghunathan*
*IX A*




## Greatest Thoughts

- It is the mind that makes body rich

-William Shakespeare

സ്.തുക്കൊടിത്താനം

- Judge a tree from its  fruit not from leaves

  -Euripides
- A man without patience is a lamp without oil


  -Andressegoyia

## Words of A .P .J. Abdul Kalam



- The roots of education are bitter,but the fruit is sweet.
- There is no substitute for patience and acceptance.
- If your actions inspire other to dream more,learn more,
  do more and become more you are a leader.

## Rules of life





- Do not hope to be what you are not.
- Respect yourself and you will be respected.
- Do not go after outward appearance.
- Speak less think more.
- Never allow anyone to become your

weakness.

## Laughing Quiz



- Why did the nurse vaccinate the computer?
  To protect it from virus attack.
- What part of galaxy made the cat happy?
  Milky way
- What kind of ice do people hate?
  Advice
- Who can cut neck,arms and legs without spilling blood?
  Tailor
- Where can you see a wanted board even when there is no job vacancy?
  Police Station




## An Ideal Student

A student who has many qualities of the head and the heart can truly be called an ideal student. He must be a man of principles.

He should follow regular habits. He is always puntual in attending school .He is very hard at school. His result is always good. In examination,he tries his best to top the list of successful students.



# हिंन्दी

# सूचि

1. ठहाका एक्सप्रेस

2. बारिश

3. मूल्य

4. मां

5. विज्ञान

## ठहाका एक्सप्रेस

1. *पुलिस( शराबी से) रात के 1 बाजे तुम कहां जा रहा है ?*

*शराबी( पुलिस से) मै शराब पीने के वाईफाई दुष्परिणाम पर फैशन सुनने जा रहा हु*

*पुलिस: इतनी रात तुम्हें कौन फैशन देखा?*

*शराबी: मेरी बीबी*



2. *साइंस टीचर ने कहां," ऑक्सी– जन हमारे जीने के लिए बहुत आव– श्यक है. इसकी खोज 1773 मैम हुई थी*"थैंक गॉड. , *रानी बोली," मेरा जन्म 1773 हे बात हुआ. पहले पा था हुई होती, तो मार् ही जाति*''.

3. *नर्सरी क्लास के एक बच्चे ने अपने साथ पढ़ने बाली 1 क्यूट लड़की सी कहा,*

*'' क्या मुझसे शादी करोगी?*

*लड़की ने चीता कार कहा,'' नाही''. लड़के ने फिर कहा.'' कर लो ना मुझसे*

*शादी, मैं तुम्हें टॉफी तुंगा.''*

*लड़की ने कहा-'' इसलिए तो नहीं करूंगी, क्योंकि सोनू ने इसी के लिए मुझे बड़ी सी चॉकलेट दिलाने का वादा*

*किया है.''*

4. एक लड़के ने एफ एम चैनल को फोन किया और कहा, मुझे कुछ देर पहले बस स्टॉप पर एक पर्स मिला है. मैं 2000 रूप य , 1 क्रेडिट कार्ड और मि–स्टर रामलाल का आईडी कार्ड है. जो दिल्ली के दवारका मै रहते हैं.''

'' क्या बात है आपकी इमानदारी के''

आरजे ने उसकी तारीफ करते हम कहा,

तो आप उन्हें उनका पर्स लंदन चाहते हैं,....''

नाही मैं तो सिर्फ उनके लिए साद सॉन्ग डेडीकेट करना चाहता हूं.'' फोन करने वाले ने कहा,

5. टीचर: बताओ आई लव यू शब्द का आविष्कार किस देश में हुआ?

सोनू: चीन में

टीचर: वह कैसे?

सोनू: इसमें सारे चाइनीस गुण है ना कोई गरही, ना कोई वारंटी, चालें तो चांद तक, ना चले तो शाम तक

-SUMITHA E.S

## बारिश

ठंडी ठंडी बूंदे गिरने लगती है.
छोटे-छोटे पौधे हिलने लगती है.
क्रो क्रो मंडूक बोलने लगती है
गाते गाते बच्चे नाचने लगती है
सूखे सुखे पत्ते गिरने लगती है
नदी नालों सारे लगती है



## *मूल्य*




*मूल्य हो गए बे मूल्य*
*जैसे की पैसा*
*वचन बन गए डगी*
*जैसे कि राजा निधि.*
*खाना बन गई है नशील*
*जैसे की मान्य मैन*
*और जीत बन गए हैं*
*जैसे की भूख*

## मां

मां बाह होती है
जो बचाती है हर मुशिकल से हमें
मां वाह होती है
जो प्यार से जाना जिलाती है
मां वाह होती है
जो दूसरों को प्यार करना सी जाति है.
मां वाह होती है
जो जीती है अपने परिवार के लिए



## विज्ञान



www.shutterstock.com • 767491552

आज का युग विज्ञान का युग है विज्ञान की सहायता से आज मनुष्य ने असंभव को संभव बना लिया है. विज्ञान की सहायता से आज मनुष्य चांद की मस्तक तक पहुंच गाया है. चिकित्सा के क्षेत्र मैं भी विज्ञान की उन्नादी अल्फा चमता कर है. मनोरंजन के लिए रेडियो, इंटरनेट, दूरदर्शन ताया जिन म आती उपलब्ध है. विज्ञान हमारे जीवन पर चमत्कारी प्रभाव ताला ह

## എൻ.സി.സി പ്രവർത്തനങ്ങൾ






# തനതു പ്രവർത്തനങ്ങൾ





മിഴിവ് 2019

## വായന വാരാചരണം






## മേളകൾ

**ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം**

മിഴിവ് 2019






ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം

# <u>സൈക്കിൾ വിതരണം</u>



മിഴിവ് 2019

# കലോൽസവം



ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം

## എൻ.എം.എം.എസ് 2018




-അമൻ.എ

-

മിഴിവ് 2019

## <u>സംസ്ഥാന പ്രവൃത്തിപരിചയമേള</u>

## തടിയിൽ കൊത്തുപണി



## പ്രവീൺ പ്രമോദ്

## എ ഗ്രേഡ്

ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം

മിഴിവ് 2019

## ഉപജില്ല പ്രവൃത്തിപരിചയ മേള

## ഗാർമെൻറ് മേക്കിങ്ങ്



**കദീജ .എച്ച്**


**എ ഗ്രേഡ്**

ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം


# സ്നേഹ ദീപമേ നയിച്ചാലും



# സ്മരണയോടെ....



നിതിൻ



മിഴിവ് 2019

**അഭിജിത്ത്**

ജി.എച്ച്.എസ്.എസ്.തൃക്കൊടിത്താനം